പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1593 01-11-2019-ലെ മറുപടിയ്ക്ക്

## ഇടനിലക്കാരെ ഒഴിവാക്കിയുള്ള കാർഷികോത്പന്ന സംഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി സംഭരിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ അധീനതയിലുള്ള 6 കാർഷിക മൊത്തവ്യാപാര വിപണികൾ, 5 ജില്ലാതല സംഭരണ കേന്ദ്രങ്ങൾ എന്നിവ മുഖേന കർഷകർ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കർഷകർ/ കർഷക കൂട്ടായ്മകൾ ഉത്പാദിപ്പിക്കുന്ന പഴം-പച്ചക്കറികൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് വ്യാപാരികൾക്ക് ലേല സംവിധാനത്തിലൂടെ നൽകുന്ന സാഹചര്യം നിലവിലുണ്ട്. |
| (ബി) | ഈ നടപടികൾ കൂടുതൽ വിപുലീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (ബി) & (സി) | കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഇ നാഷണൽ അഗ്രിക്കൾച്ചർ മാർക്കറ്റ് ഡിജിറ്റൽ സംവിധാനത്തിലൂടെ ഓൺലൈൻ വ്യാപാരം പ്രോത്സാഹിപ്പിക്കുന്നു. ആറ് കാർഷിക മൊത്തവ്യാപാര വിപണികളെ അഖിലേന്ത്യാ ട്രേഡ് പോർട്ടലായ ഇ നാഷണൽ അഗ്രിക്കൾച്ചർ മാർക്കറ്റ് (ഇ നാം) എന്ന സംവിധാനത്തിലേയ്ക്ക് സംയോജിപ്പിക്കുന്നതിനായി ആറ് കാർഷിക മൊത്തവ്യാപാര വിപണികൾക്കുമായി വിപണി ഒന്നിന് 30 ലക്ഷം രൂപ ക്രമത്തിൽ 180 ലക്ഷം രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ